പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *313 | 14.03.2017 ൽ മറുപടിയ്ക്ക് |
|---|---|
| **നിർഭയ പദ്ധതി** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.എം. സ്വരാജ്**<br>**ശ്രീമതി യു. പ്രതിഭ ഹരി**<br>**ശ്രീ.ബി.സത്യൻ**<br>**,, എം.മുകേഷ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായുള്ള നിർഭയ പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ; | (എ) ലൈംഗികാതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകളെയും കുട്ടികളെയും സംരക്ഷിക്കുന്നതിനായി വിവിധ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ തിരുവനന്തപുരം, ഇടുക്കി, എറണാകുളം തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, വയനാട്, മലപ്പുറം, കാസർകോഡ് എന്നീ 9 ജില്ലകളിലായി 11 നിർഭയഷെൽട്ടർ ഹോമുകൾ പ്രവർത്തിച്ച് വരുന്നു. കൊല്ലം ജില്ലയിൽ ഒരു പുതിയ ഷെൽട്ടർ ഹോം ഉടൻ ആരംഭിക്കുന്നതാണ്. ഇവയ്ക്ക് പുറമേ ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, കണ്ണൂർ എന്നീ ജില്ലകളിലും ഷെൽട്ടർ ഹോമുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവരുടെ പുനരധിവാസത്തിനാവശ്യമായ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, കൗൺസലിംഗ്, വൈദ്യസഹായം, നിയമസഹായം എന്നിവ ഷെൽട്ടർ ഹോമുകളിലൂടെ നൽകി വരുന്നു. ഷെൽട്ടർ ഹോമുകളിലെ താമസക്കാരുടെ കേസുകൾ ചാർജ്ജ് ചെയ്യാനും കോടതിയിൽ എത്രയും വേഗം എത്തിക്കാനും ഷെൽട്ടർ ഹോം അധികൃതർ സത്വര നടപടികൾ സ്വീകരിക്കുന്നുണ്ട്. ലൈംഗികാതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകളുടെയും കുട്ടികളുടെയും കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലായി 3 അതിവേഗ കോടതികൾ പ്രവർത്തിച്ച് വരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ ഉണ്ടാകുന്ന ലൈംഗിക അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യാൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന നിർഭയ ടോൾ ഫ്രീ ഹെൽപ്പ് ലൈൻ 1800 425 1400 പ്രവർത്തിപ്പിച്ച് വരുന്നു. അതിക്രമങ്ങൾക്ക് വിധേയരാകുന്ന വനിതകൾ/ കുട്ടികൾക്ക് ഒരു കുടക്കീഴിൽ സൗജന്യ വൈദ്യ സഹായം, കൗൺസലിംഗ്, പോലീസ് സഹായം, നിയമസഹായം എന്നിവ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ ആരോഗ്യ വകുപ്പിന്റെ മേൽനോട്ടത്തിൽ 14 |

| | |
|---|---|
| | ജില്ലകളിലായി 21 സർക്കാർ ആശുപത്രികളിൽ "വൺ സ്റ്റോപ്പ് ക്രൈസിസ് സെല്ലുകൾ" പ്രവർത്തിച്ച വരുന്നു. നിർഭയ ഷെൽട്ടർ ഹോമുകളിലെ 18 വയസ്സിനു മുകളിൽ പ്രായമുള്ള തിരഞ്ഞെടുത്ത താമസക്കാർക്ക്, പുനരധിവാസ പദ്ധതിയുടെ ഭാഗമായി, തൊഴിൽ പരിശീലനത്തിലൂടെ സ്വയം പര്യാപ്തരാക്കാൻ ഒരു കേന്ദ്രീകൃത ആഫ്റ്റർ കെയർ സെന്റർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച വരുന്നു. മോഡൽ നിർഭയ ഷെൽട്ടർ ഹോം സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച വരുന്നു. കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ തിരുവനന്തപുരം, വയനാട്, മലപ്പുറം, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിൽ അതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾക്ക്/ കുട്ടികൾക്ക് വൈദ്യസഹായം, കൗൺസലിംഗ്, നിയമസഹായം, പോലീസിന്റെ സഹായം, സംരക്ഷണം എന്നിവ നൽകുന്നതിന് വൺസ്റ്റോപ്പ് സെന്ററുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) വർദ്ധിച്ച വരുന്ന സ്ത്രീ പീഡനങ്ങൾ കുറയ്ക്കുന്നതിനും ഇതു സംബന്ധിച്ച് ബോധവത്കരണം നടത്തുന്നതിനും വിദ്യാലയങ്ങളിൽ കൗൺസിലർമാരുടെ സേവനം ലഭ്യമാക്കുന്നതിനും പ്രസ്തുത പദ്ധതി പ്രകാരം നടപടി സ്വീകരിക്കുമോ; | (ബി) പ്രതിരോധ പ്രവർത്തനങ്ങളിലൂടെ മാതൃകാപരമായ സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു.<br>സ്കൂൾതല ബോധവത്ക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി 'സ്ത്രീ സുരക്ഷയിൽ പുരുഷന്റെ പങ്ക്' എന്ന വിഷയത്തിൽ 8-ാം ക്ലാസ്സ മുതൽ 12-ാം ക്ലാസ്സ വരെയുള്ള ആൺകുട്ടികൾക്ക് 'ഒരുമ' പോസ്റ്റർ രചന മത്സരം നടത്തി. ജില്ലാതല നോഡൽ അദ്ധ്യാപകർ വഴി സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും ജെൻഡർ സെൻസിറ്റൈസേഷൻ നടത്തിയിട്ടുണ്ട്. നിർഭയ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജാഗ്രതയുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കാൻ വാർഡ് തല, പഞ്ചായത്ത് തല ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) ഈ പദ്ധതിക്കായി അനുവദിക്കുന്ന തുക കൂടുതൽ ഫലപ്രദമായി വിനിയോഗിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) 2015-16 ൽ നിർഭയ പദ്ധതിയ്ക്ക് 2.66 കോടി രൂപയും 2016-17 ൽ 3.07 കോടിരൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടായിരുന്നു. 2017-18 ലെ സംസ്ഥാന ബഡ്ജറ്റിൽ സ്ത്രീ സുരക്ഷയ്ക്കായി താഴെ പറയുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | |
|---|---|
| ബോധവത്ക്കരണ പ്രവർത്തനങ്ങൾ | 34 കോടി |
| ഷെൽട്ടർ ഹോംസ്, ഷോർട്ട് സ്റ്റേ ഹോം, വൺ സ്റ്റോപ്പ് സെന്റർ | 19.5 കോടി |
| രണ്ട് എസ്.ഒ.എസ് മോഡൽ ഷെൽട്ടർ ഹോമുകൾ | 3 കോടി |

<table>
<tr><td></td><td><table><tr><td>അക്രമത്തിന് വിധേയരാകുന്ന സ്ത്രീകൾക്ക് എത്രയും പെട്ടെന്നുള്ള സംരക്ഷണത്തിനും പുനരധിവാസത്തിനും പ്രത്യേക ഫണ്ട് തുടങ്ങാൻ</td><td>5 കോടി</td></tr></table></td></tr>
<tr><td>(ഡി) പ്രസ്തുത ഫണ്ടിന്റെ വിനിയോഗ ക്രമം വ്യക്തമാക്കുമോ?</td><td>(ഡി) 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച 3.07 കോടി രൂപ താഴെപറയുന്ന പ്രകാരമാണ് വിനിയോഗിച്ചത്<table><tr><td>അതിക്രമങ്ങൾക്ക് വിധേയരായവരുടെ സംരക്ഷണത്തിനുള്ള ഷെൽട്ടർ ഹോമുകളുടെ (11 ഷെൽട്ടർ ഹോമുകളിലായി 300 ൽപരം താമസക്കാർക്ക്) വർക്കിംഗ് ഫണ്ട്, മറ്റ് അധിക ചെലവുകൾ</td><td>279.90 ലക്ഷം</td></tr><tr><td>നിർഭയ സെല്ലിന്റെ ഭരണപരമായ ചെലവുകൾ</td><td>27.39 ലക്ഷം</td></tr></table></td></tr>
</table>

Ayyappan (signature)

സെക്ഷൻ ഓഫീസർ